# മർക്കസ് ഗേൾസ് ഹൈസ്കൂൾ

## കാരന്തൂർ

# അക്ഷര ദീപം



## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

# ഉള്ളടക്കം


- ആമുഖം......................................................... 2
- സ്കൂൾ ചരിത്രം .................................................. 3
- കഥകൾ ......................................................... 4
- ലേഖനങ്ങൾ ...................................................... 5 - 6
- ക്വിസ്സ് ............................................................ 7-8
- കവിതകൾ ...................................................... 9 -12
- കഥ ............................................................... 13
- ചോദ്യോത്തരങ്ങൾ ............................................ 14
- മഹത് വചനങ്ങൾ ............................................. 15
- സൃഷ്ടികൾ ..................................................... 16-17
- കുട്ടികളുടെ ചിത്രരചനാ സൃഷ്ടികൾ ..........................18 -23

# ആശംസ



കാലം എന്ന വലിയ പുസ്തകത്തിൽ
കോരിയിടുന്ന ചിരി ചിന്തകളും......
അവയിൽ ചിലത് ചിതലരിക്കുന്നു
ചിലത് മാഞ്ഞുപ്പോകുന്നു
ചിലത് ശേഷിപ്പുകളായി നിലനിൽക്കുന്നു.
അങ്ങനെ അവശേഷിപ്പിച്ച ഒരു ചെറിയ വിചാര വികാരങ്ങൾ സർഗ്ഗ
സൃഷ്ടിയുടെ രൂപത്തിൽ ഇവിടെ പുനർജനിക്കുന്നു.

ഇതിന്റെ പ്രസിദ്ധീകരണത്തിന് പ്രയത്നിച്ച മുഴുവൻ പേർക്കും അണിയറ ശിൽപികൾക്കും അഭിവാദ്യങ്ങളർപ്പിക്കുന്നു .

**എല്ലാ കാലത്തേക്കുമൊരു പ്രചോദനമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട്**

**സ്നേഹപൂർവ്വം**

**എ. ആയിഷ ബീവി**

**ഹെഡ്മിസ്ട്രസ്സ്**

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

ആയിഷ സനിയ്യ കെ എം
ഫാത്തിമ ഫിദ പി കെ
ഫർസാന കെ
ദിൽന പി പി
മാജിദ സുൽത്താന
സുമയ്യ എ എം
സഹല കെ പി
സാലിഹ കെ സി
ഫിദ സി കെ

# സ്കൂൾ ചരിത്രം




കാന്തപുരം എ.പി അബൂബക്കർ മുസ്ല്യാർ മാനേജരായുള്ള മർക്കസ് ഹൈസ്കൂൾ **1992 – ജൂണിലാണ്** ആരംഭിച്ചത്. എന്നാൽ **G.O (RT) 365/94 G. Edn dt.1-2-1994** ഓർഡർ പ്രകാരം പെൺകുട്ടികൾക്ക് മാത്രമായി മറ്റൊരു ഹൈസ്കൂൾ അനുവദിക്കുകയും യു.പി.വിഭാഗം ഉൾപ്പെടെ **1995** ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

## ഭൗതികസൗകര്യങ്ങൾ

കുന്ദമംഗലം പഞ്ചായത്തിലുള്ള കാരന്തൂരിലാണ് മർക്കസ് ഗേൾസ് ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്. തെങ്ങിൻ തോപ്പുകളും വയലുകളും നിറഞ്ഞ ശാന്തമായ ഒരു ഗ്രാമാന്തരീക്ഷത്തിൽ 4 ഏക്കർ ഭൂമിയിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. പ്രസ്തുത സ്ഥലത്ത് മൂന്ന് നിലകളുള്ള കെട്ടിടത്തിൽ 27 ക്ലാസ്സ് മുറികളാണുള്ളത്. സ്കൂളിന് വിശാലമായ കളിസ്ഥലമുണ്ട്. യു.പി, ഹൈസ്കൂൾ എന്നിവയ്ക്ക് വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ടു ലാബുകളായി ഏകദേശം ഇരുപത്തഞ്ചോളം കമ്പ്യൂട്ടറുകളുണ്ട്. ഇതിൽ ഹൈസ്കൂൾ ലാബിൽ ബ്രോഡ്ബ്രാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

# പാഠ്യേതര പ്രവർത്തനങ്ങൾ

- ജെ. ആർ. സി.
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- ക്ലബ്ബ് പ്രവർത്തനങ്ങൾ.
- സ്കൂൾ പത്രം
- ക്ലാസ്സ് മാഗസ്സിൻ
- ഗൈഡ്സ് .ജനാധിപത്യ വേദി .ജാഗ്രതാസമിതി .സ്പോട്സ്

## മാനേജ്മെന്റ്

സമസ്ത കേരള സുന്നിയുവജനസംഘം സംസ്ഥാന കമ്മറ്റിയാണ് ഭരണം നടത്തുന്നത്. എസ്.വൈ.എസ്. സ്റ്റേറ്റ് ജനറൽ സെക്രട്ടറി കാന്തപുരം എ.പി. അബൂബക്കർ മുസ്ല്യാരാണ് ഇതിന്റെ മാനേജർ. നിലവിൽ വിദ്യാലയങ്ങൾ ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഹൈസ്കൂൾ വിഭാഗത്തിന്റെ ഹെഡ് മാസ്റ്ററായി പി കാസീം| പ്രവർത്തിക്കുന്നു. നേട്ടങ്ങൾ:-

1. 2014-15 വർഷത്തിൽ എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കി 2. സ്കൂൾ കായികതാരങ്ങൾ ജില്ലാസോഫ്റ്റ് ബോൾ ചാമ്പ്യൻമാരായി സ്റ്റേറ്റിൽ പങ്കെടുത്തു മികവ് നിലനിർത്തി 3. സ്കൂൾ കായികാധ്യാപകനായ ശ്രീ എ കെ മുഹമ്മദ് അഷ്റഫ് 2015-16 അധ്യായന വർഷത്തിൽ സ്കൂൾ ദേശീയ സ്പോട്സ് & ഗെയിംസ് കോഴിക്കോട് വച്ച് നടക്കുന്ന സമയത്ത് അതിന്റെ അസ്സിസ്റ്റന്റ് ഓർഗനൈസിംഗ് കമ്മീഷണറായി പ്രവർത്തിച്ചുകൊണ്ട് വിദ്യഭ്യാസമന്ത്രിയുടെ പ്രശംസ പിടിച്ചു പറ്റി. 4. ഗൈഡ്സ് ക്യാപ്റ്റൻ ശ്രീമതി പ്രീത 5. സബ് ജില്ലാശാസ്ത്രമേള, കലാമേള എന്നിവയിൽ ധാരാളം കുട്ടികൾ മികവ് പുലർത്തി. ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ കൃഷി ചെയ്ത് ഉത്പാദിപ്പിക്കാൻ വിദ്യാർത്ഥികൾ ശ്രമിക്കാറുണ്ട്. 7. നാലു വർഷങ്ങളിലായി "രാജ്യപുരസ്കാർ" അവാർഡിന് വിദ്യാർത്ഥിനികൾ അർഹരായിട്ടുണ്ട്. 8. സ്കൂൾ കുട്ടികൾക്ക് തൈക്കാൻഡോപരിശീലനം നല്കി വരുന്നു. 9. നിലവിൽ അഞ്ച് സ്കൂൾ ബസ്സുകൾ വിദ്യാർത്ഥികൾക്ക് വേണ്ടി സർവ്വീസ് നടത്തുന്നു.

# ആനക്കാര്യങ്ങൾ

മൂന്ന് ഇനം ആനകളാണ് ലോകത്തുള്ളത്. ആഫ്രിക്കൻ സാവന്ന ആനകൾ, ആഫ്രിക്കൻ കാട്ടാനകൾ, ഏഷ്യൻ ആനകൾ. ആഫ്രിക്കൻ കൊമ്പനാനകൾക്ക് മൂന്ന് മീറ്റർ വരെ ഉയരമുണ്ടാകും.

4000 കി.ഗ്രാം മുതൽ 7500 കി.ഗ്രാം വരെ ഭാരമുണ്ടകും.

ഏഷ്യൻ ആനകൾ താരതമ്യേന ചെറുതാണ് ഇവയ്ക്ക് രണ്ടേ മുക്കാൽ മീറ്ററോളമേ ഉയരം കാണൂ. ഭാരമാകട്ടെ 3000 മുതൽ

6000 കിലേഗ്രാം വരെ.

# ചിന്തിക്കൂ പോസിറ്റീവായി

എപ്പോഴും നല്ലതു പറയുന്ന നല്ല ചിന്തകൾ മാത്രം വരുന്ന ആളുകളെ കാണുമ്പോൾ ഇതെങ്ങനെ സാധിക്കുന്നുവെന്ന് തോന്നാറില്ലേ .നമുക്കും അങ്ങനെ അങ്ങനെ ആവാമായിരുന്നു എന്ന് തോന്നാറില്ലേ. നല്ലത് ചിന്തിക്കുകയും നല്ലത് പറയുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ജീവിതം എത്ര സുന്ദരമാകുമെന്ന് ആലോചിച്ചിട്ടുണ്ടോ പണമോ പ്രതാപമോ അല്ല, നല്ല ചിന്തയും മനസ്സുമാണ്സുന്ദരമായി ജീവിക്കാൻ ആദ്യം വേണ്ടത് ആരോടും വെറുപ്പില്ലാത്ത, അസൂയയില്ലാത്ത മനസ്സാണ് നല്ല ചിന്തകൾക്ക് ആദ്യമേ വേണ്ടത് കഴിഞ്ഞതിനെ ഓർത്ത് ദുഖിക്കാതിരിക്കുകയും വരാനിരിക്കുന്നതിനെഓർത്ത് തലപുകക്കുകയും ചെയ്യാതെ സ്വതന്ത്രമായങ്ങ് ജീവിച്ചു നോക്കൂ സുന്ദരമാകും എല്ലാം മികച്ച അവസരങ്ങളും സമയങ്ങളും സമീപ ഭാവിയിൽ തന്നെ തനിക്കും ലഭിക്കണമെന്നും ഞാനും ഒട്ടും മോശക്കാരനല്ല എന്ന ചിന്തയും ഒക്കെ മനസിനെന്ന പോലെ ശരീരത്തിനും കരുത്തു നൽകുംഒന്നു തുറന്നു സംസാരിച്ചാൽ തുറന്ന മനസ്സോടെ ചിന്തിച്ചാൽ അപ്പപ്പോൾ തന്നെ തീരാവുന്ന കാര്യങ്ങൾക്ക് വേണ്ടി അനാവശ്യമായി വെറുത്ത് നടക്കുന്നത് എന്തിനു വേണ്ടിയാണ്നമ്മൾ മനസ്സിനെ വെറുക്കുന്നത് കൊണ്ട് വെറുക്കപ്പെടുന്ന ആൾക്ക് പ്രത്യേകിച്ച് ഒന്നും സംഭവിക്കുന്നില്ല. എങ്കിലോ അവരെ വെറുക്കും തോറും നമ്മുടെ മനസ്സ് കളങ്കപ്പെടുകയാണ് ചെയ്യുന്നത് അതുകൊണ്ട് ആരോടും വെറുപ്പേ വേണ്ട ഉള്ളിൽ കാണാം നമുക്ക് നല്ലൊരു ഭാവി.

**Shagitha Tr.**

# ഓർബിറ്റർ

- ചന്ദ്രന്റെ ഭ്രമണപഥത്തിൽ നിലയുറപ്പിക്കും.
- ലാൻഡർ , റോവർ എന്നിവയിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ച് ഭൂമിയിലേക്ക് നൽകും
- 8 പേലോഡുകളാണ് ഇതിൽ ഉണ്ടാവുക.
- ഭാരം - 2,3 7 9 Kg .
- കാലാവധി -ഒരു വർഷം.

# QUIZ

1) IMLEL ന്റെ പൂർണ്ണ രൂപം എന്താണ്?

a) International Mobile Equipment identity

2) പ്രസിദ്ധമായ ഏത്ഉൽപ്പന്നത്തിന്റെ രഹസ്യകോഡാണ് 'Black Comb'?

a)Windows 7

3) ഇന്റർ നെറ്റിന്റെ പിതാവാര്?

a)vindan sarf

4) സെയ്മൂർ പാപ്പർട്ട് കുട്ടികൾക്കായി വികസിപ്പിച്ച കമ്പ്യൂട്ടർ ഭാഷ?

a)LOGO

5) മൈക്രോസോഫ്റ്റ് സ്ഥാപിതമായ വർഷം?

a)1975

6) ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം?

a)December 2

7) വൈറസ് എന്നതിന്റെ പൂർണരൂപം എന്ത്?

a)Vital Information Resource Under Siege

8) ഗൂഗിൾ രൂപകൽപ്പന ചെയ്തത് ആരൊക്കെ ചേർന്ന്?

a)Lari pege , Sergi brin

9)കമ്പ്യൂട്ടറിന്റെ പൂർണ്ണ രൂപം എന്താണ്?

a) Common Operating Machine Particularly Used For Technological Educational Research.

10) Otg Cable ന്റെ പൂർണ്ണരൂപം എന്താണ്?

a)On- The- Go

11) കമ്പ്യൂട്ടറിന്റെ പിതാവ്ആര്?

a)Chals Babej

12)ഇ -സാക്ഷരത കൈവരിച്ച ഇന്ത്യയിലെ ആദ്യ ജില്ല ഏത്?

a)Malappuram

13) SIM ന്റെ പൂർണ്ണ രൂപം എന്താണ്?

a) Subscribe Identity Module

14) OTP യുടെ പൂർണ രൂപം എന്താണ്?

a) one time password

15) computer ആദ്യമായി ഇറങ്ങിയ വർഷം?

a) 1936.

16) computer മനുഷ്യൻ എന്നറിയപ്പെടുന്ന ഇന്ത്യക്കാരി ആര്?

a) Shakunthala Devi

17) ഏതാണ് ആദ്യത്തെ internet search engine?

a) Archie

18)ഏതാണ് input device നെ follow ചെയ്യാത്തത്?

**a) vdu**

കവിത

# വേഗമുറങ്ങൂ

വേഗമുറങ്ങു മകളേ
വെയിൽ ചായുന്ന കൊന്നപ്പൂപോലെ
അമ്പിളി പൊൻതിടമ്പേന്തും കരിം
കൊമ്പനായ് രാത്രി
 വരുന്നു
മാനും മുയലും ഉറങ്ങീ കാടും
ആറും കടലുമടങ്ങി
പായലിൽ മീൻ മിഴി പൂട്ടൂ നില
ക്കായലിൽ സ്വപ്നമായ് സൂര്യൻ
പക്ഷിയും പാട്ടും മടങ്ങി കൂട്ടിൽ

# Teachers

Teachers
point their minds
and guide their thought
share their achievements
and advise their faults
inspire a love
of knowledge and truth
as you light the path
which leads our youth
for our future brightens
with each lesson you teach
each smile you help reach
for the dawn of each poet
each philosopher and king
begins with a teacher
**and the wisdom they bring**

# Gift of God to Man

The beauty of nature are the greatest gift of god to man. Nature is all around us in varied aspects and shapes. Green charming hills. Snow capped mountains and the rising and setting sun in its varied are the unforgettable glory.

The dew drops on the silvery moon and the tiwngle of stars be deck the sky. The roary waves in the vast ocean and the lakes which look like sheets of water add to the glorious tressure. Even the violent aspect of nature like the thundering clouds with dazzling flashes fighthing. The Torrential rain and the all power full storn are the same of the aspect of nature which tennies on formed as nature " red to the deal and clow". But they have their own charms which captivate man and even inspire in his heart. The floating cloud, the Dancing spring . The all prevaiding multi colour flowers, cool breeze all cater its human sense. The nature is vide beauty magic land.

Beauty lies in the eyes of the be holder on the earth in the air. In the sky and in the ocean . His heart lips us when he be holds a rainbow in the sky.

Nature tiaches man the lesson at peace, inhocence, parity, love, harmoney, simplicity hope lieves that nature is the greatest part from being a source of enternal happiness.

# The Tree and Travellers

Once there was a large tree with a broad trunk and Innumerable branches right in the middle of a dry land. The tree gave rest and shelter to hundreds and thousand of travellers. Being located near Towns and villages.

The tree was an meeting point for travelers.

One day two travellers reached the tree after a long time of walking. Their destination was one of the towns nearby. It was sunny hot day and the travellers were very happy to take a rest under the tree exhausted. They jumped the tree. They slept for a while enjoying the cool shade and the soft breeze.

After a while one of the traveller got hungry, they had no food with them
the hungry traveller looked up at the tree to see if there was any fruit finding none he began to cursing the tree 'oh, this is just a useless tree and it has nothing to feed us not even a fruit or even nuts! It is not use!'.

The tree which could not tolerate the cursing words of traveller.

Said in a sad yet strong voice. You can't be so ungrateful to me. Just think of
your condition when you reached here in the hot and dry sun!

I offered you a cool and comfortable place to rest and sleep with a soothing breeze.

If I was not here, you would have died now! I saved your life from the hot sun.
But you humiliate me.

The traveller realized his mistake and apologized to the tree.

# ആർദ്രം

ചാറ്റൽ മഴ പെയ്ത്ത് നേരം
പൂനിലാവ് പൂത്തനേരം
മാനത്തെ വെള്ളി മേഘം,
ചിരിതൂകി നിന്നവോ
കാറ്റിലാടും ചില്ലകൾ ,
കിന്നരിച്ചുവോ...
മഴ നിലാവ് പോൽ
പവിഴ മല്ലിയായ് പൂത്തുലഞ്ഞു,
ചാഞ്ചടിയോ...
കിളികൾ പാടും ഗീതം
മധുരമാം സംഗീതം,
എന്നിലേക്കൊഴികി വന്ന
വെൺ പ്രാവു നീ...
നനവാർന്ന മിഴികളിൽ വെൺ,
സൂര്യനായ്...
ഇടറുമീ നെഞ്ചിലെ തേൻതുള്ളിയായ്
തോളോട് തോൾ ചേർന്നു നാം
നടന്ന വഴികളിൽ
നിന്നോർമ്മയാലെ തേങ്ങിടുന്ന ഞാൻ...,

**കുഞ്ഞീബി ടീച്ചർ**

# പ്രണയിനി

പച്ച കസവുതട്ടമിട്ടപ്പോൾ
അവളൊരു മൊഞ്ചത്തിയായി
ഓഫീസ് മുറിയിൽ അലമാരകൾ നിറഞ്ഞപ്പോൾ
അവളൊരു കാരണവത്തിയായി
ഗ്രന്ഥ ശാലയിൽ പുസ്തകങ്ങൾ നിറഞ്ഞപ്പോൾ
അവൾ അറവിൻ നിറകുടമായി
ശുദ്ധജല ടാങ്കുകൾ അണിനിരന്നപ്പോൾ
അവൾ അമൃത വർഷിണിയായി
ലബോറട്ടറി മുഖം മിനുക്കിയപ്പോൾ
അവളൊരു ശാസ്ത്ര വിസ്മയമായി
കഞ്ഞിപ്പുരയിൽ പാത്രങ്ങൾ കിന്നാരം പറഞ്ഞപ്പോൾ
അവളൊരു തറവാട്ടമ്മയായി
തൻ കുഞ്ഞുങ്ങൾക്ക് വൃത്തിലുള്ള വിശാലമായൊരിടം
തണലായ് നൽകിയപ്പോൾ തരളിതയായി
പേരകിടാങ്ങൾ ഹൈടക്ക് വിരൽ തുമ്പിൽ
ലോകത്തെ കീഴടക്കിയപ്പോൾ
അവളൊരു തത്വജ്ഞാനിയായി
ആരെന്തൊക്കെ പറഞ്ഞാലും അവളൊരു പ്രണയിനി തന്നെ
അവളൊരു പ്രണയിനി തന്നെ
പ്രണയിക്കുന്നവരെയും ശകാരിക്കുന്നവരെയും
എതിർക്കുന്നവരെയും സ്നേഹിക്കുന്നവരെയും
പ്രണയിക്കുന്നൊരു പ്രണയിനി

കെ.ഷബീന ടീച്ചർ

poem

# *Autumn*

The snow is Melting
The Birds are Singing
It Says autumn is coming

The Sun is brightening
The Sky is Shining
It Says autumn is coming

the trees filled with leaves
the air is filled with perfumes
it Says autumn is coming

The flower began to bloom
the Garden began to colourfull
it says autumn is coming

the children began to Dance and sing
to Welcome wonderful autumn
Let  as welcome autumn together
Lot us welcome colour full autumn

കഥ

# പാവം വിളക്ക്

കുഞ്ഞിക്കോമിന്റെ വീട്ടിൽ ഒരു മണ്ണെണ്ണ വിളക്കുണ്ടായിരുന്നു.ആ മുറിയിലെ ബൾബ് ഒരു ദിവസം മണ്ണെണ്ണ വിളക്കിനെ കളിയാക്കി കൊണ്ട് ചോദിച്ചു

"വിളക്കേ വിളക്കേ നിനക്ക് വെളിച്ചം തീരെ കുറവാ

എനിക്കെന്തൊരു പ്രകാശമാ നീ കത്താത്തതും കത്തുന്നതും ഒരുപോലെയാ. ...

ഹ.. ഹ...” ബൾബ് മണ്ണെണ്ണ വിളക്കിനെ കളിയാക്കിച്ചിരിച്ചു.

പാവം മണ്ണെണ്ണ വിളക്ക് അതിനു സങ്കടം വന്നു ആസമയത്ത് പുറത്ത് ശക്തമായ കാറ്റും മഴയുമുണ്ടായി കറന്റ് പോയി .കുഞ്ഞിക്കോമിന്റെ ഭാര്യ

അപ്പോൾ മണ്ണെണ്ണ വിളക്കിന് തീകൊളുത്തിക്കൊണ്ട് പറഞ്ഞു: "ഈ കറന്റ് എന്നും ഇങ്ങനെയാ. ശക്തമായ കാറ്റുംമഴയും വന്നാൽ കറന്റ് പോകും വിളക്കുള്ളതുകൊണ്ട് ഇത്തിരിയെങ്കിലും വെളിച്ചം കാണാം”.

കറന്റ് ഇല്ലെങ്കിൽ ഈ ബൾബ് എന്തിനു കൊള്ളും

ആ വാക്കുകൾ ബൾബ് നാണിച്ചു പോയി. മണ്ണെണ്ണ വിളക്കിന് സന്തോഷമായി അത് കൂടുതൽ ശോഭയിൽ തെളിഞ്ഞു കത്താൻ തുടങ്ങി.

# SAMPLE THEORY QUESTIONS AND ANSWERS

1. ചുവടെ കൊടുത്തവയിൽ നവസാമൂഹികമാധ്യമം ഏതാണ്?

a) Google     b) wikipedia

c) whatsapp     d)Yahoo

2. ഏത് ഉപകരണത്തെ മോഡവുമായി ബന്ധിപ്പിക്കുന്നതിനാണ് സാധാലണയായി RJ11 കണര്ട്ടർ ഉപയോഗിക്കുന്നത്?


a)Modem     b)Switch

c) Compute     c)Telephone

നെറ്റ് വർക്കിൽ ഉൾപ്പെട്ടിരിക്കുന്ന ഉപകരണങ്ങളുടെ നാമകരണത്തിലും മറ്റും പാലിക്കേണ്ട പൊതു നിയമങ്ങൾ ഏത് പേരിലറിയപ്പെടുന്നു?

a) IP Address     b) Net mask

c)Network protocol     d) sharing



## ഇന്ത്യയിലെ പക്ഷി മനുഷ്യൻ സാലിം അലി

*1896 നവംബർ 12 തിയ്യതിയാണ് ഇന്ത്യയിലെ പക്ഷി മനുഷ്യൻ എന്നറിയപ്പെടുന്ന സാലിം അലി ജനിച്ചത് .വളരെ ചെറുപ്പത്തിൽ തന്നെ സാലിമിന്റെ അച്ഛനമ്മമാർ മരിച്ചതിനാൽ അമ്മാവന്റെ സംരക്ഷണത്തിലാണ് അവൻ വളർന്നത്. വേട്ടയാടലിന്റെ യും പ്രകൃതി സ്നേഹത്തിന്റയും ബാലപാഠങ്ങൾ അമ്മാവൻ അമറുദ്ദീൻ തയാബ്ജി സാലിക്ക് പറഞ്ഞു കൊടുത്തു .*

*പത്ത് വയസ്സുള്ളപ്പോൾ അമ്മാവൻ സമ്മാനമായി നൽകിയ എയർഗൺ കൊണ്ട് സാലിം പക്ഷിവേട്ട ആരംഭിച്ചു. ഒരിക്കൽഅങ്ങാടിക്കിളിയെപ്പോലെ തോന്നിക്കുന്ന ഒരു പക്ഷിയെ അവൻ വെടിവെച്ചുവീഴ്ത്തി. ആ കിളിയുടെ കഴുത്തിൽ ഒരു മഞ്ഞപട്ട അവൻ ശ്രദ്ധിച്ചു അതുപോലെ എല്ലാ പക്ഷികളേയും നിരീക്ഷിക്കാൻ തുടങ്ങി . വലുതായപ്പോൾ അദ്ദേഹം അറിയപ്പെട്ട പക്ഷി നിരീക്ഷകനായി മാറി.*

# അകലം നന്ന്

പാവപ്പെവട്ട ഒരു കുടുംബത്തിലെ അടുക്കളയിലായിരുന്ന ചെമ്പ് കുടവും മൺകുടവും താമസം. തന്റെ തിളക്കത്തിലും ശക്തിയിലും അഹങ്കാരമുള്ളവനായിരുന്നു ചെമ്പ്കുടം. അവന് മൺകുടത്തോട് പുച്ഛമായിരുന്നു. അങ്ങനെയിരിക്കെ അവിടെ ഒരു വെള്ളപ്പൊക്കമുണ്ടായി. അടുക്കളയിലും വെള്ളം കയറി. എല്ലാ വസ്തുക്കളും ഒഴുകിപ്പോയി അക്കൂട്ടത്തിൽ ഇരു കുടങ്ങളും വെള്ളപ്പൊക്കത്തിൽ പെട്ടു ഒഴുക്കിൽ ഇരുവരും എങ്ങനെയോ ഒരു പുഴയിൽ എത്തി. ഓളങ്ങളിൽപ്പെട്ടു അങ്ങനെ ഒഴുകുകയാണ് മൺകുടം അകലെക്കൂടെ ഒഴുകി പോകുന്നതു കണ്ടു ചെമ്പുകുടം പറഞ്ഞു : എന്താ ഇത്ര അകലെ കൂടി പോകുന്നത്? എന്റെഅടുത്തു വരൂ. മണ്ണ് കൊണ്ടുള്ളതല്ലെ സ്വയം രക്ഷിക്കുവാൻ കഴിയുമോ? എന്റെ അടുത്താണെങ്കിൽ സുരക്ഷിതനായിരിക്കും മൺകുടം വിനയത്തോടെ പറഞ്ഞു : നന്ദി സുഹൃത്തേ താങ്കൾ പറഞ്ഞതുപോലെ ഞാൻ മണ്ണ് കൊണ്ട് നിർമിക്കപ്പെട്ടതാണ് അതുകൊണ്ട് തന്നെ ദുർബലനും. ഞാൻ താങ്കളുടെ അടുത്തു വരികയാണെങ്കിൽ ഒരു പക്ഷെ ഒരു തിര താങ്കളെ ശക്തിയായി ഒന്നു തള്ളിയാൽ നാം കൂട്ടിയിടിച്ച എന്നു വരും അപ്പോൾ എന്റെ ഗതി എന്തായിരിക്കും? താൻ അൽപം അകലം പാലിക്കുന്നതല്ലേ നല്ലത്?

*ഗുണപാഠം: ചില സമയങ്ങളിൽ അകലം പാലിക്കുന്നത് നല്ലതാണ്.*

# QUOTES

**A Little learning is a**
**dangerous think**
**alexander pope**

**Don’t criticize what**
**you can’t under stand**
**Bob dylan**

***Knowledge comes,***
***but wisdom lingers.***
***Alfred tennyson***

**I am not a teacher,**
**but an awakener.**
**Robert frost**

# സ്വപ്നം കുതിച്ചു

മനുഷ്യൻ ആദ്യമായി ചന്ദ്രനിലിറങ്ങീട്ട് 50 വർഷം 1969 ജൂലൈ 16 ആണ്. രാവിലെ ആംസട്രോങ്ങിനെയും ആൽഡ്രിനെയും കൊളിൻസിനെയും വഹിച്ചു കൊണ്ടുള്ള അപ്പോളോ 11 ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്ന് പറന്നുയർന്നു. 90 മീറ്ററോളം അവർ ചന്ദ്രന്റ പ്രതലത്തിൽ നടന്നു. അവിടെ സ്ഥാപിക്കാനുള്ള ശാസ്ത്ര ഉപകരണങ്ങൾ ഒരുക്കി.(അന്നു സ്ഥാപിച്ച ലേസർ ഉപകരണം ഇന്നും പ്രവർത്തിക്കുന്നുണ്ട്.) 21% മണിക്കൂർ ചന്ദ്രന്റെ പ്രതലത്തിൽ കഴിച്ചു കൂട്ടിയ അവൻ പേ*ടകത്തിന് പുറത്ത് ചെലവഴിച്ചത് രണ്ടര മണിക്കൂർ മാത്രമാണ്.*

# തവളപ്പെണ്ണും മുതലച്ചാരും

പല്ലുകളെല്ലാം കാട്ടിയിരിക്കും
മുതലച്ചാരുടെ അരികത്ത്
തവളപ്പെണ്ണവൾ ചാടിച്ചാടി
വിഷമം പറയാൻ ചെന്നുടനെ
വായ തുറന്ന മുതലത്ച്ചാര്
തവളപ്പെണ്ണിനെ പിടികൂടി
പോക്രോം പോക്രം ഉച്ചത്തിൽ
തവളപ്പേണ്ണ് കര ഞ്ഞുടനെ
ഹയ്യട ഹയ്യ ചിരിയോടെ
വായ തുറന്നു മുതലച്ചൻ
തക്കം നോക്കി പുറത്തു ചാടി
*തവളപ്പെണ്ണവളോടി പോയ്*










# കുട്ടികളിലെ ചിത്രരചനാ സൃഷ്ടികൾ






Peach
1503








1509


1508


Doncted
by
Aysha.mumtha

പ്രിയപ്പെട്ട കൂട്ടുകാരെ,

ഇത് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥിനികൾ ഒരുക്കിയിരിക്കുന്ന ഡിജിറ്റൽ മാഗസിൻ. ഇതിൽ കവിതകളായും കഥകളായും സൃഷ്ടികൾ തന്ന് ഞങ്ങളോട് സഹകരിച്ച കൂട്ടുകാരോടും അധ്യാപകരോടും ഞങ്ങളുടെ നന്ദി അറിയിക്കുന്നു.

# നന്ദി